**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**പെൻഷൻ ലഭിക്കുന്നതിനാവശ്യമായ നടപടികൾ**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 137** **7/8/2017-ൽ മറുപടിക്ക്**

**ചോദ്യം**
**ശ്രീമതി. യു. പ്രതിഭ ഹരി**

**മറുപടി**
**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | ആലപ്പുഴ ജില്ലയിൽ കാർത്തികപ്പള്ളി താലൂക്കിൽ കീരിക്കാട് വില്ലേജിൽ കീരിക്കാട് തെക്കുമുറിയിൽ കായംകുളം നഗരസഭ 41 -ാം വാർഡിൽ ശ്രീമതി രമണീദേവി, തന്റെ പിതാവ് ശ്രീ. എ. ചെല്ലപ്പൻപിള്ള പോലീസ് ഡിപ്പാർട്ടുമെന്റിൽ നിന്നും പി.സി.എ. തസ്തികയിൽ 20.7.1948 മുതൽ 10.08.1970 വരെ സേവനം അനുഷ്ഠിച്ചിട്ടുള്ള ആളാണെന്നും അദ്ദേഹത്തിന്റെ മരണശേഷം മാതാവ് ഓമന അമ്മാൾ പി.യ്ക്ക് PPO/SF/DCGR/1838 പ്രകാരം പെൻഷൻ ലഭിച്ചുകൊണ്ടിരുന്നു എന്നും 20.06.2016 മാതാവ് ഓമന അമ്മാൾ.പി മരിച്ചു പോയിട്ടുള്ളതിനാൽ മാതാവിനെ ആശ്രയിച്ചു ജീവിച്ചു വന്നിരുന്ന വിധവയും മക്കൾ ഇല്ലാത്തതുമായ തനിക്ക് തുടർന്നുള്ള പെൻഷൻ കിട്ടണം എന്ന് കാട്ടി അപേക്ഷ നൽകി മാസങ്ങൾ കഴിഞ്ഞിട്ടും ടിയാൾക്ക് പെൻഷൻ ലഭിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) & (ബി) | നിലവിലെ നിയമപ്രകാരം അംഗപരിമിതിയുള്ള വിധവയായ പെൺമക്കൾക്കാണ് കുടുംബപെൻഷന് അർഹതയുള്ളത്. എന്നാൽ ശ്രീമതി രമണീ ദേവി അംഗപരിമിതി തെളിയിക്കുന്ന രേഖകളൊന്നും ഹാജരാക്കിയിട്ടില്ലാതിരുന്ന സാഹചര്യത്തിൽ നിവേദക വിധവയും അംഗപരിമിതിയും ഉള്ള വ്യക്തിയാണെങ്കിൽ ആയതിനുള്ള രേഖകൾ സഹിതം ഉചിതമാർഗ്ഗേന അപേക്ഷ സമർപ്പിക്കുവാൻ 26/7/2017-ൽ Home-A3/159/2017 -ാം നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ അപേക്ഷകയിൽ നിന്ന് മറുപടി ലഭ്യമാകുന്ന വേളയിൽ ടി കാര്യം പരിശോധിച്ച് നിലവിലെ നിയമപ്രകാരം ടിയാൾ അർഹയാണെങ്കിൽ ഇക്കാര്യത്തിൽ അനന്തരനടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത വ്യക്തിക്ക് പെൻഷൻ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | | |

**സെക്ഷൻ ഓഫീസർ**